ഫയലുകൾക്കും തപാലുകൾക്കും ക്രമനമ്പർ ഉള്ളപ്പോൾ ക്രമവും സമയപരിധിയും തെറ്റിച്ച് ഫയലുകൾ അകാരണമായി താമസിപ്പിക്കുന്നതും, ഫയലിന്റെ പുരോഗതിയും എന്തെങ്കിലും കാരണത്താലുള്ള തടസ്സങ്ങളും ബന്ധപ്പെട്ട എം.എൽ.എ.മാരെ അറിയിക്കാൻ സംവിധാനമില്ലാത്തതും എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ബി) മണ്ഡലം ആസ്തിവികസന പദ്ധതി പ്രകാരമുള്ള ജോലി നിർദ്ദേശങ്ങൾ സംബന്ധിച്ച് സമയബന്ധിതമായി ഉത്തരവുകൾ ഇറക്കാനും ജോലി പൂർത്തിയാക്കാനും എല്ലാ വകുപ്പുകൾക്കും അടിയന്തര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) എം.എൽ.എ.മാരുടെ ആസ്തിവികസന പദ്ധതി പ്രകാരമുള്ള പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ട് 28-12-2012-ലെ 73/2012/ധന. സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിലുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അമിതമായ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫയലുകൾ യഥാക്രമം തീർപ്പാക്കാതിരിക്കുന്നതായോ അകാരണമായി വച്ചുതാമസിപ്പിക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നടപ്പിലാക്കാൻ കഴിയാത്ത പ്രവൃത്തി നിർദ്ദേശങ്ങൾ കാരണസഹിതം ബന്ധപ്പെട്ട എം.എൽ.എ.യെ അറിയിക്കാറുണ്ട്. ഇക്കാര്യത്തിൽ തുടർന്നും കൂടുതൽ ശ്രദ്ധ നൽകുന്നതാണ്.

(ബി) നിർദ്ദേശം നൽകുന്നതാണ്.

വഞ്ചനാ നികുതി വകുപ്പ് അധികൃതർ കണ്ടെത്തിയ കള്ളപ്പണം

159 (499) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തുനിന്ന് കണ്ടെത്തിയ കള്ളപ്പണം സംബന്ധിച്ച വരുമാന നികുതി വകുപ്പ് അധികൃതരുടെ കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) പരിശോധനകളിലൂടെയും സർവ്വേകളിലൂടെയും വരുമാന നികുതി വകുപ്പ് അധികൃതർ കേരളത്തിൽ നിന്നും കണ്ടെത്തിയതായ നികുതി വെട്ടിപ്പുകളുടെയും കള്ളപ്പണത്തിന്റെയും സംസ്ഥാനാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ & ബി) വരുമാന നികുതി കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽവരുന്ന വിഷയമായതിനാൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല

ബാറുകൾ വഴിയുള്ള വരുമാനം

160 (500) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഏപ്രിൽ മാസത്തിനുമുമ്പ് സംസ്ഥാനത്തുണ്ടായിരുന്ന മൊത്തം ബാറുകളുടെ എണ്ണമെത്ര ;

(ബി) നിലവിൽ ബാറുകൾവഴി വിൽക്കുന്ന മദ്യത്തിന് ഈടാക്കിവരുന്ന നികുതി നിരക്കുകൾ, സെസുകൾ, ലൈസൻസ് ഫീസുകൾ എന്നിവ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) ബാറുകൾ അടച്ചുപൂട്ടുകവഴി സംസ്ഥാന സർക്കാരിന്റെ വരുമാനത്തിലുണ്ടായ നഷ്ടം നിലവിൽ എത്ര കോടിയാണ് ;

(ഡി) സർക്കാരിന്റെ വരുമാനത്തിലുണ്ടായ നഷ്ടം സംസ്ഥാനത്തെ വ്യാജ മദ്യലോബിക്ക് നേട്ടമായിട്ടുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly